പുസ്തകം

●

കെ.വി ഇസ്ഹാഖ് ഒതളൂർ

# മരുഭൂമിയുടെ ഉർവരത



മദാഇൻ സ്വാലിഹ് ▲

**നാഗരികതയുടെ** ചരിത്രത്തിൽ സഞ്ചാര സാഹിത്യങ്ങൾ മരുശരീരത്തിൽ അപൂർവമായി പ്രത്യക്ഷപ്പെടുന്ന പച്ചത്തുരുത്തുപോലെ അന്വേഷകരായ വായനക്കാരെ എക്കാലവും ആകർഷിച്ചിട്ടുണ്ട്. അവ നമ്മുടെ അറിവിന്റെ ചക്രവാളത്തെ അതിരുകളില്ലാത്ത സ്ഥലകാലങ്ങളിലൂടെ കൊണ്ടുപോയിട്ടുണ്ട്. വായനക്കാരന് ദേശാടന പക്ഷികളുടെ ചിറക് തരുന്ന അത്തരം രചനകൾ അപരിചിതമായ ലോകവും ജനപഥങ്ങളും സാമൂഹിക ആചാരങ്ങളും വിശ്വാസ പ്രമാണങ്ങളും കൗതുകകരമായ കാഴ്ചകളും വായനക്കാരുടെ മുന്നിൽ തുറന്നു വെക്കുന്നു. കേവലമായ വായനാനുഭവങ്ങൾക്കപ്പുറം സഞ്ചാരസാഹിത്യങ്ങൾ ചരിത്രത്തിന്റെ വിലപ്പെട്ട ഉപാദാനങ്ങളുമാണ്. ഇബ്നു ബതൂത്തയുടെ സഞ്ചാര വിവരണങ്ങളും മെഗസ്തനീസിന്റെ രചനകളും ഫാഹിയാന്റെയും ഹുയാങ്സാങ്ങിന്റെയും ഗ്രന്ഥങ്ങളും ചരിത്രത്തിൽ ഇടംനേടിയവയാണ്. അവ ഗതകാല സ്മരണകൾ വർത്തമാന ലോകവുമായി പങ്കിടു

ന്നു.

മലയാളത്തിലും സഞ്ചാരസാഹിത്യങ്ങൾ ദുർലഭമല്ല. മലയാളത്തിന്റെ പ്രിയ സാഹിത്യകാരൻ എസ്.കെ പൊറ്റെക്കാട് മലയാളിയുടെ അനുഭവ മണ്ഡലത്തെ ദിക്കുകളിലേക്ക് പായിച്ച സഞ്ചാര സാഹിത്യകാരനായിരുന്നു. അദ്ദേഹത്തിന്റെ ഭാവചാരുതയാർന്ന രചനകൾ കേവലാനുഭവങ്ങളെ കാൽപനികതയുടെയും രചനാ സൗന്ദര്യത്തിന്റെയും ഉത്തുംഗ തലത്തിലേക്ക് ഉയർത്തി.

ആധുനിക മലയാളിയുടെ ദൈനംദിന ജീവിതം മരുഭൂമിയുടെ ഊഷരതയുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടുനിൽക്കുന്നതാണ്. വലിയൊരു ശതമാനം മലയാളിക്ക് മരുഭൂമി കേട്ടറിവുമാത്രമല്ല, കണ്ടറിവുകൂടിയാണ്. അതുകൊണ്ടുതന്നെ മരുഭൂമിയെ അടുത്തറിയാൻ മലയാളി സ്വാഭാവികമായി ജിജ്ഞാസുവാണ്. അവന് മരുഭൂമി സ്വന്തം അനുഭവങ്ങളുടെ വിളഭൂമി കൂടിയാണ്. മരുഭൂമിയെ അനുഭവങ്ങളുടെ പശ്ചാത്തലമായും വാങ്മയ ചിത്രീകരണത്തിന്റെ കേന്ദ്രബിന്ദുവായും നിലനിർത്തി സ്വന്തം ആത്മ പരിണാമത്തിന്റെ രാസഘടനയെ അനാവരണം ചെയ്ത് പുറത്തിറങ്ങിയ മുഹമ്മദ് അസദിന്റെ *മക്കയിലേക്കുള്ള പാത* മരുഭൂമിയുടെ സുന്ദര കാണ്ഡമായിരുന്നു. പൊള്ളുന്ന മരുപ്രദേശത്തെ സഞ്ചാര പഥങ്ങളുടെയും ജീവിതത്തിന്റെയും ചേതോഹരമായ വിവരണം മരുഭൂമിയുടെ ഭാവ പകർച്ചകൾ ഒരു എണ്ണഛായാ ചിത്രത്തിലെന്ന പോലെ കൊത്തിവെച്ച ഗ്രന്ഥം.

മണൽകുന്നുകളെ പിളർന്ന് വിടരുന്ന വിഭാതവും മരുഭൂമിയിൽ ആരോ കോറിയിട്ട മണലെഴുത്തുകളും മണൽപരപ്പിലൂടെ ഒഴുകി നടക്കുന്ന നിലാവിന്റെ ലാവണ്യവും വാക്കുകളിലേക്കാനയിച്ച കൃതിയാണ് വി. മുസഫർ അഹമ്മദിന്റെ *മരുഭൂമിയുടെ ആത്മകഥ.* മുഹമ്മദ് അസദിൽനിന്ന് മുസഫർ അഹമ്മദിലേക്കെത്തുമ്പോൾ മരുഭൂമി പുത്തൻ ഛായ സ്വീകരിച്ചിരിക്കുന്നു. സുഊദി അറേബ്യയിലെ മക്ക, മദീന, അൽജൗസ്, അൽനഫൂദ്, സക്കാക, ദോമ, തബൂഖ്, ജബൽ ഉല്ലൂസ്, ലൈലാ അഫ്‌ലാജ് തുടങ്ങിയ ചരിത്രപ്രധാന സ്ഥലങ്ങളിലൂടെ മുസഫർ അഹമ്മദ് നടത്തുന്ന യാത്രയുടെ ആവിഷ്കാരമാണ് *മരുഭൂമിയുടെ ആത്മകഥ.* താളുകളിൽ അക്ഷരങ്ങൾ പുഷ്പിക്കുന്നു. ഒരിടത്ത് അദ്ദേഹം പറയുന്നുണ്ട്, "മരുഭൂമി അനന്തമായ അതിന്റെ ആത്മകഥ പറയുകയാണ്" എന്ന്. മരുഭൂമിയുടെ മാറ് പിളർന്ന് അനന്തതയിലേക്കെന്ന പോലെ നീളുന്ന പുതിയ ടാർ നിരത്തിലൂടെ കടന്നുപോകുന്ന ഗ്രന്ഥകാരൻ ഈത്തപ്പനക്കാഴ്ചകളിലൂടെ മരുഭൂമിയുടെ ഇന്നലകളുടെ കഥപറഞ്ഞ് ചരിത്രത്തിന്റെ പഴയ താളുകളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നു. വർത്തമാനകാല ദൃശ്യങ്ങളിൽ ചരിത്രത്തെ ഇഴചേർത്തുകൊണ്ടുള്ള വിവരണം വായന ആഴവും പരപ്പുമുള്ളതാക്കി മാറ്റുന്നു.

'ജലയുദ്ധം' എന്ന ഒന്നാം അധ്യായം തന്നെ ഗ്രന്ഥകാരന്റെ ചരിത്രാവബോധത്തിന്റെ നിദർശനമാണ്. ഒരു കിണറിന്റെ ഉടമാവകാശത്തെ സംബന്ധിച്ച് രണ്ട് കുടുംബങ്ങൾ തമ്മിലുള്ള തർക്കം വിവരിക്കുമ്പോൾ, കിണറും വെള്ളവും മരുഭൂമിയുടെ ചരിത്രത്തിൽ എന്തായിരുന്നുവെന്ന് അസീസ് എന്ന അറബിയുടെ വാക്കുകളിലൂടെ മുസഫർ അടയാളപ്പെടുത്തുന്നതിങ്ങനെയാണ്: "പഴയ അറേബ്യയിൽ ഒരു കിണറിനുവേണ്ടി ഗോത്രങ്ങൾ തമ്മിൽ എത്രയോ കാലം യുദ്ധത്തിലേർപ്പെട്ടിരുന്നു. ഒരു മരുപ്പച്ച സ്വന്തമാക്കാൻ എത്രപേർ മരിച്ചു വീണു. മരുഭൂമിയിൽ ഏറ്റവും പ്രധാനപ്പെട്ടത് വെള്ളമാണ്. ഒരു തുള്ളി വെള്ളത്തിന്റെ വിലയറിയണമെങ്കിൽ ദാഹിച്ച് അവശനായി മരുഭൂമിയിൽ കുടുങ്ങണം" എന്ന് വായിക്കുമ്പോൾ എത്ര തീക്ഷ്ണമായാണ്

മരുഭൂമി അതിന്റെ മക്കളോട് പെരുമാറിയതെന്ന് തോന്നിപ്പോകും.

ഭാഷയുടെ കാര്യത്തിലും ഗ്രന്ഥകാരൻ ഇത്തരം അന്വേഷണങ്ങൾ നടത്തുന്നുണ്ട്. ഇസ്‌ലാമിക ചരിത്രത്തിൽ ഏറെ പ്രാധാന്യമുള്ള സ്ഥലമാണ് തബൂഖ്. ഭാഷാശാസ്ത്രപരമായി തബൂഖ് എന്ന പദം തബോഗ എന്ന അസീറിയൻ വാക്കിൽനിന്ന് നിഷ്പന്നമായതാണ്. തബൂഖിലെ ഒലീവ് വൃക്ഷത്തണലിലൂടെ നടക്കുമ്പോൾ, ഒലീവ് വൃക്ഷം സമാധാനത്തിന്റെ ചിഹ്നമായതിനെ കുറിച്ച് വിവരിക്കുന്നു. "പഴയ അറേബ്യൻ യുദ്ധവേളകളിൽ സമാധാന സന്ദേശകർ ഒലീവ് ശാഖകൾ ഉയർത്തികാട്ടിയിരുന്നതിൽ നിന്നാണ്" എന്ന് പറയുമ്പോൾ മരുഭൂമി മലർവാടിയായി പരിണമിക്കുന്നതായി വായനക്കാരനു തോന്നുന്നു.

എല്ലുകൾ മണക്കുന്ന പ്രദേശമായി 19-ാം നൂറ്റാണ്ടിലെ സഞ്ചാരികൾ രേഖപ്പെടുത്തിയ മദായിൻ സ്വാലിഹിനെ കുറിച്ചുള്ള വിവരണം ചരിത്രസ്പർശം തുളുമ്പി നിൽക്കുന്നതാണ്. "മദായിൻ സ്വാലിഹ് വലിയൊരു പ്രദേശമാണ്. പാറകൾ തുരന്നുണ്ടാക്കിയ വീടുകളും കുഴിമാടങ്ങളുമാണ് ഇവിടെയുള്ളത്. കൂറ്റൻ പാറകൾ തുരന്നതാണ് ഈ പ്രദേശത്തെ എല്ലാ വീടുകളും നിർമിതികളും. ബി.സി ആറാം നൂറ്റാണ്ടിൽ നബാത്തിയനുകൾ (Nabateans) എന്ന ജനവിഭാഗം ഇവിടെ കഴിഞ്ഞുപോയെന്ന് ചരിത്രപുസ്തകങ്ങൾ പറയുന്നു." ചരിത്രവും കാലവും തെല്ലിട നിശ്ചലമായി തുടങ്ങിയ വിവരണം പൗരാണികതയുടെ ഹൃദ്യത അനുഭവവേദ്യമാക്കുന്നു. ഇസ്‌ലാമിക ചരിത്രത്തിലും മദായിൻ സ്വാലിഹ് ഏറെ വിശ്രുതമാണല്ലോ. അനേകം ചരിത്ര സ്മാരകങ്ങൾ മണൽക്കാറ്റിനെ വെല്ലുവിളിച്ച് തലയുയർത്തി നിൽക്കുന്നത് രേഖപ്പെടുത്തുന്നു. സ്മാരകങ്ങൾ കാലത്തിന്റെ പരകോടിയെയല്ല, പൊള്ളുന്ന ജീവിത സത്യങ്ങളെയാണ് അടയാളപ്പെടുത്തുന്നത്. മരുസ്ഥലത്തെ അത്ഭുതകരമായ കാഴ്ചയാണ് എഡ്ജ് ഓഫ് ദി വേൾഡ് (ലോകത്തിന്റെ അറ്റം). അനേകം വിദേശ സഞ്ചാരികളെ ആകർഷിക്കുന്ന ഈ പ്രദേശത്തെ കുറിച്ച് ചേതോഹരമായി വിവരിക്കുന്നുണ്ട്. "സുഊദി തലസ്ഥാനമായ റിയാദിൽനിന്ന് 110 കിലോമീറ്റർ വടക്കു കിഴക്കായി കിടക്കുന്ന വാദി അൽ അമ്മാരിയയിലാണ് ഭൂമിയുടെ അറ്റം കിടക്കുന്നത്. ......... ഏറ്റവും കൂടിയ ഉയരത്തിലുള്ള മുനമ്പിൽ പാറക്കൂട്ടങ്ങൾ രണ്ട് വിതാനങ്ങളിലേക്ക് മാറിനിൽക്കുന്നു; സ്വയം നിർമിതമായ ഒരു വാതിൽപോലെ! അവിടെനിന്ന് അരയടി മുന്നോട്ടു പോകാൻ കഴിയില്ല. ഭൂമി ഒളിച്ചു പാർക്കുന്ന അഗാധ ഗർത്തത്തിലേക്കായിരിക്കും പിന്നീടുള്ള ചുവടുകൾ. ഒരു കൊക്കയിലേക്ക് നോക്കുമ്പോൾ പിറകിലും വശങ്ങളിലുമായി ഭൂമിയുടെ സാന്നിധ്യം കാണാനാകും. ഇവിടെ അങ്ങനെ ഒരവസ്ഥയില്ല. പാറക്കൂട്ടങ്ങൾ മാറിനിന്ന് സ്വയം നിർമിച്ച വാതിലിന്റെ മുഖപ്പിലേക്ക് നോക്കുമ്പോൾ വീണാൽ താങ്ങി നിൽക്കാവുന്ന ഭൂമിയുടെ കഷ്ണങ്ങൾ എവിടെയും കാണാനാവില്ല. മരങ്ങൾ, വേരുകൾ എന്നിങ്ങനെ പിടിച്ചുനിൽക്കാൻ സഹായിക്കുന്ന ഒന്നുമില്ല. അതുകൊണ്ടാണ് ഈ പ്രദേശം എഡ്ജ് ഓഫ് ദി വേൾഡ് എന്നറിയപ്പെടുന്നത്."

പാതയുടെ ഇരുവശങ്ങളിലുമായി തലയുയർത്തി നിൽക്കുന്ന ഈത്തപ്പന ദൃശ്യങ്ങളുടെ സുകൃതങ്ങളിലൂടെ കടന്നുപോകുമ്പോൾ മരുഭൂമി ഏകാകിയല്ല, അനേകം ജീവജാലങ്ങളുടെ ആവാസ കേന്ദ്രമാണെന്ന് അനുസ്മരിക്കുന്നുണ്ട്. മരുക്കപ്പലായ ഒട്ടകം മാത്രമല്ല, മണലിൽ പതിഞ്ഞു കിടക്കുന്ന പാമ്പും ഉടുമ്പും മുയലും ഇഴജന്തുക്കളും ഫാൽക്കനും ഒട്ടകപക്ഷിയും ചെന്നായകളും കള്ളിമുൾചെടിയും മരുപ്പച്ചയും മനുഷ്യനും ഈ ആവാസ വ്യവസ്ഥയുടെ ഭാഗമാണെന്ന് ഹൃദ്യമായ തൊട്ടറി

വിലൂടെ വായനക്കാരനെ ബോധ്യപ്പെടുത്തുന്നു.

ലോകത്തിലെ ഏറ്റവും വലിയ മരുപ്പച്ചയായ അൽഹസയെ കുറിച്ച് കൗതുക കരമായ വിവരണവും ഉണ്ട്. മരുപ്പച്ചയുടെ അനുഗ്രഹത്താൽ ആയിരത്തിലേറെ വർഷത്തെ കാർഷിക സമൃദ്ധിയുടെ മഹിമപേറുന്ന ഇടം. പനമ്പട്ടകൾ തലയെടു പ്പോടെ നിൽക്കുന്നു. മദീനയിലെ ഈത്തപ്പനകൾ കഴിഞ്ഞാൽ ഏറ്റവുമധികം മധുര മുള്ള ഈത്തപ്പനകൾ അൽഹസയിലേതാണെന്ന് പറയുന്നു. ജലസമൃദ്ധമായതിനാൽ ജലത്തിനും കിണറിനും വേണ്ടിയുള്ള പഴയ അറേബ്യൻ ഗോത്രയുദ്ധങ്ങളിൽനിന്ന് ഈ പ്രദേശം ഒഴിവായിരുന്നത്രെ. പുതിയ കാലത്തിന്റെ വേരുകൾ മരുപ്പച്ചകളെയും തങ്ങളുടെ ചക്രത്തിൽ കുരുക്കി കളഞ്ഞിട്ടുണ്ട്. കാലത്തിന്റെ കുത്തിയൊഴുക്കിൽ പുഴകളും കിണറുകളുമില്ലാതാകുന്നതുപോലെ മരുപ്പച്ചകളും ഇല്ലാതാകുന്നതായി പറ യുന്നു. വെള്ളത്തിന്റെ ചാലുകൾ കണ്ണീർ പരുവത്തിലാകുന്നു. മരുപ്പരപ്പിലെ, ഏറ്റവും വലിയ ലാവാ പാടങ്ങളെയും ലാവ ഉരുകിയൊലിച്ച് രൂപപ്പെട്ട പാറക്കൂട്ടങ്ങളെയും ഉടുമ്പും ഓന്തും പാർക്കുന്ന ഗുഹകളെയും ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്.

സുഊദി അറേബ്യയിൽ ഏറ്റവും കൂടുതൽ ശിൽപങ്ങളുള്ള നഗരം ജിദ്ദയാണ ത്രെ. ലോകത്തിന്റെ ഞരമ്പോടിയ നഗരം എന്ന വിശേഷണത്തോടുകൂടിയാണ് ജിദ്ദയെ കുറിച്ചുള്ള വർണന. ജിദ്ദ കണ്ടു മടങ്ങുമ്പോൾ നമ്മളറിയാതെ ഒരു ശിൽപമെങ്കിലും മനസിൽ അവശേഷിക്കാതിരിക്കില്ലെന്ന് ഗ്രന്ഥകർത്താവ്. ജിദ്ദക്ക് ഇസ്‌ലാമിക ചരി ത്രത്തിൽ വളരെ പ്രാധാന്യമുണ്ട്. ആദിമാതാവായ ഹവ്വാ ബീവിയുടെ ഖബറിടം ജിദ്ദ യിലാണെന്ന് വിശ്വസിക്കപ്പെടുന്നു. ഹജ്ജ് തീർഥാടനത്തിന് കരമാർഗവും കടൽമാർഗവും ആദ്യം ഇവിടെ എത്തിച്ചേരുന്നത് കൊണ്ട് ബാബ് മക്ക (മക്കയിലേ ക്കുള്ള കവാടം) എന്ന പേരിൽ ജിദ്ദ അറിയപ്പെടുന്നു. പുതിയ സുഊദി അറേബ്യ യുടെ വേനൽക്കാല തലസ്ഥാനം കൂടിയാണ് ജിദ്ദ. ആഫ്രിക്കയിൽനിന്ന് ഒരു മാസത്തെ ഉംറ വിസക്ക് വന്ന് തിരിച്ചുപോകാതെ അവിടെ തങ്ങിയവർ ദാരിദ്ര്യവും പട്ടിണിയും കാരണം പിടിച്ചു പറിക്കാരും വാടക ഗുണ്ടകളും കൃത്രിമ രേഖകൾ ചമക്കുന്നവരു മായി മാറുന്നത് ഒരു പത്രപ്രവർത്തകന്റെ അന്വേഷണ തീക്ഷ്ണതയോടെ ഗ്രന്ഥ കർത്താവ് കണ്ടെത്തുന്നു.

മതാഫിലെ പറവകൾ (അങ്കണത്തിലെ പറവകൾ) എന്ന തലവാചകത്തിനും കീഴിൽ, ഇസ്‌ലാമിലെ പഞ്ചസ്തംഭങ്ങളിൽ ഒന്നായ ഹജ്ജിന്റെ ചരിത്രപ്രധാന സ്ഥലി കളിലൂടെ കടന്നുപോകുന്നവന്റെ കാഴ്ചകളാണ്. വാക്കുകളിൽ ഒരു തീർഥാടകന്റെ മനം തുടിക്കുന്നതായി വായനക്കാരന് അനുഭവപ്പെടും. ഏഴുഭൂഖണ്ഡങ്ങളിൽനിന്നും വരുന്ന തീർഥാടകർ മക്കയിലെത്തിച്ചേരുമ്പോൾ പുണ്യ നഗരി ലോകത്തിന്റെ ഭൂപട മായിമാറുന്നു. ഹിറയെ കുറിച്ചുള്ള വാക്കുകൾ. "ഹിറയിൽനിന്ന് ഒരു നാൾ പ്രവ ഹിച്ച സന്ദേശത്തിന്റെ തരംഗദൈർഘ്യം അതിന് അരികിൽ നിൽക്കുമ്പോൾ ഒരാ ളുടെ ആത്മാവിനെ തൊട്ടുണർത്തും." അങ്കണത്തിലെ പറവകൾ വാസ്തവത്തിൽ വെളുത്ത ഉത്തരീയവും തുണിയും ധരിച്ച് കഅ്ബാലയം വലം വെക്കുന്ന ഹാജിമാ രാണ്. ഹിറ നൽകിയ വെളിച്ചത്തിൽ മതാഫിൽ അവരെല്ലാം പറവകളാവുകയാണ്.

മരുഭൂമിയുടെ അപാരതയെ നോക്കി അത്ഭുതപ്പെടുന്ന മനുഷ്യർക്ക് ലഭിച്ച ഒരു ഉത്തമ പാരിതോഷികമാണ് മരുഭൂമിയുടെ ആത്മകഥ. ■

**മരുഭൂമിയുടെ ആത്മകഥ**
**വി. മുസഫർ അഹ്മദ്**
**കറന്റ് ബുക്സ്, തൃശൂർ**
**വില: 80 രൂപ**